## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 430

28.06.2011-ൽ
മറുപടിക്ക്.

### കെ.എസ്.ഐ.ഡി.സി-യിലെ നിയമനം സംബന്ധിച്ച്

**ചോദ്യം**

ശ്രീ. പാലോട് രവി :

(എ) 2011 ജനുവരി 1-ാം തീയതിക്ക് ശേഷം കെ.എസ്.ഐ.ഡി.സി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ; ആരുടെയൊക്കെ കരാർ നിയമന കാലാവധിയാണ് പുതുക്കി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത് ;

(ബി) പി.എസ്.സി-യുടെ പരിധിയിൽ വരുന്ന ഏതെങ്കിലും തസ്തികയിലുള്ള കരാർ നിയമനത്തിന്റെ കാലാവധി 2011 ജനുവരിക്കുശേഷം നീട്ടി നൽകിയിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ട് ;

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലികുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി)

(എ).

സ്ഥിര നിയമനം നൽകിയവർ :

1) ശ്രീമതി. ലക്ഷ്മി.റ്റി.പിള്ള, അസിസ്റ്റന്റ് മാനേജർ.
2) ശ്രീ. ജാക്സൺ ജോസ്, അസിസ്റ്റന്റ് മാനേജർ.
3) ശ്രീ. അനൂപ്, അസിസ്റ്റന്റ് മാനേജർ.
4) ശ്രീ. ബിജു ജോർജ്ജ്, ജനറൽ മാനേജർ.
5) ശ്രീ. റ്റി.പി. തോമസ്കുട്ടി, എക്സിക്യൂട്ടീവ് ഡയറക്ടർ.
6) ശ്രീ. പി.നന്ദകുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ.

കരാർ നിയമന കാലാവധി പുതുക്കി ദീർഘിപ്പിച്ചു നൽകിയവർ :

1) ശ്രീ. ശശികുമാരൻ.
2) ശ്രീ. ധർമ്മമണി.
3) ശ്രീമതി. വത്സല.
4) ശ്രീ. ശശിധരൻ.
5) ശ്രീ. ശശിധരൻ നായർ.

(ബി) ഇല്ല.

(തുടർച്ച....2)

(സി) ഇക്കാലയളവിൽ ജനറൽ മാനേജർ, എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ തസ്തികകളിലേക്ക് കെ.എസ്.ഐ.ഡി.സി അപേക്ഷകൾ ക്ഷണിച്ചിരുന്നുവോ ; എങ്കിൽ ഓരോന്നിലും എത്ര ഒഴിവുകൾ ഉണ്ടെന്നാണ് പരസ്യം നൽകിയത് ; എന്തെല്ലാം യോഗ്യതകളുള്ളവരെയാണ് ആവശ്യപ്പെട്ടിരുന്നത് ;

(സി) ജനറൽ മാനേജർ, എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചിരുന്നു. 2010-ൽ ഒരു എക്സിക്യൂട്ടീവ് ഡയറക്ടർക്കും, 2011-ൽ ഒരു ജനറൽ മാനേജർക്കും, ഒരു എക്സിക്യൂട്ടീവ് ഡയറക്ടർക്കും അപേക്ഷ ക്ഷണിച്ചിരുന്നു. എൻജിനീയറിങ്ങിൽ ഒന്നാം ക്ലാസ് ബിരുദവും ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദവും, അല്ലെങ്കിൽ സി.എ അഥവാ ഐ.സി.ഡബ്ല്യു.എ.ഐ ബിരുദം, വ്യവസായ വികസനവും വ്യവസായ നിക്ഷേപവും പ്രോത്സാഹിപ്പിക്കൽ, പ്രോജക്ട് ഫൈനാൻസിങ്ങ് സാധ്യമാക്കൽ, വ്യവസായ പാർക്കുകൾ സജ്ജീകരിക്കൽ, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ കുറഞ്ഞത് 15-20 വർഷത്തെ പരിചയം (with relaxation for deserving candidates) എന്നിവയാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്.

(ഡി) പ്രസ്തുത തസ്തികകളിലേക്ക് ഓരോന്നിലും എത്ര അപേക്ഷകൾ വീതം ലഭിച്ചു ; അവയിൽ നിന്നും എത്ര പേരെയാണ് ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവിനും ക്ഷണിച്ചത് ; ആരെല്ലാം ; അവരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു ; പരസ്യം ചെയ്തിരുന്ന യോഗ്യതകൾ ഇല്ലാതിരുന്നവരെയും ഇന്റർവ്യൂവിന് ക്ഷണിച്ചിരുന്നുവോ ; എങ്കിൽ ആരെല്ലാം ;

(ഡി) എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയ്ക്ക് 110 അപേക്ഷയും, ജനറൽ മാനേജർ തസ്തികയ്ക്ക് 25 അപേക്ഷയും ലഭിച്ചിരുന്നു. ഇതിൽ നിന്നും കഴിവിന്റെയും, പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയ്ക്ക് 14 പേരെയും, ജനറൽ മാനേജർ തസ്തികയ്ക്ക് 9 പേരെയും ചുരുക്ക പട്ടിക ചെയ്തു. യോഗ്യതയില്ലാത്തവരെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവിനും ക്ഷണിച്ച ഉദ്യോഗാർത്ഥികളുടെ പേരു വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

(ഇ) ഇന്റർവ്യൂ എവിടെവച്ച്, എന്നാണ് നടത്തിയത് ; അതിൽ നിന്നും ഓരോ തസ്തികയിലേക്കും എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ഇ) ഇന്റർവ്യൂ 14.05.2011-ന് കൊച്ചിയിലാണ് നടത്തിയത്. ജനറൽ മാനേജർ കാറ്റഗറിയിൽ രണ്ടു പേരും, എക്സിക്യൂട്ടീവ് ഡയറക്ടർ കാറ്റഗറിയിൽ മൂന്നു പേരും ആണ് റാങ്ക് ലിസ്റ്റിലുള്ളത്.

(തുടർച്ച....3)

| | |
|---|---|
| (എഫ്) കെ.എസ്.ഐ.ഡി.സി നടത്തുന്ന നേരിട്ടുള്ള നിയമനങ്ങളിൽ സർക്കാരിലേതുപോലെ സംവരണ ക്രമം പാലിക്കേണ്ടതുണ്ടോ ; എങ്കിൽ അവ പാലിച്ചിട്ടാണോ പ്രസ്തുത റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത് ; | (എഫ്) കെ.എസ്.ഐ.ഡി.സി-യിലെ എല്ലാ ഓഫീസർ നിയമനങ്ങളും സംവരണ ക്രമം പാലിച്ചാണ് നടത്തിയിട്ടുള്ളത്. |
| (ജി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ടോ ; എന്നാണ് അവ നൽകിയത് ; ഓരോ തസ്തികയിലും എത്ര പേർക്കാണ് നിയമന ഉത്തരവുകൾ നൽകിയത് ; അവർ ആരൊക്കെയാണ് ; | (ജി) ജനറൽ മാനേജർ കാറ്റഗറിയിൽ ശ്രീ.ബിജു ജോർജിന് 16.05.2011-ൽ നിമന ഉത്തരവു നൽകി. എക്സിക്യൂട്ടീവ് ഡയറക്ടർ കാറ്റഗറിയിൽ ശ്രീ.റ്റി.പി.തോമസ് കുട്ടിക്കും, ശ്രീ.എസ്.രമേഷിനും 16.05.2011-ൽ നിയമന ഉത്തരവ് നൽകി. എന്നാൽ ശ്രീ.എസ്.രമേഷ് നിയമനം സ്വീകരിക്കാത്തതിനാൽ ശ്രീ.പി.നന്ദകുമാറിന് 09.06.2011-ൽ നിയമന ഉത്തരവ് നൽകി. |
| (എച്ച്) കെ.എസ്.ഐ.ഡി.സി-യിലെ ഉന്നത തസ്തികകളിൽ നിയമനം നടത്തുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ടോ ; എങ്കിൽ അനുമതി പ്രസ്തുത നിയമനങ്ങൾക്ക് നൽകിയിട്ടുണ്ടോ ; | (എച്ച്) ഈ തസ്തികകൾ മുൻകൂട്ടി അനുവദിച്ചി- -ട്ടുള്ളതായതുകൊണ്ട് വീണ്ടും അനുമതി ആവശ്യമില്ല. |
| (ഐ) കെ.എസ്.ഐ.ഡി.സി-യിലെ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തിക യിലെ നിയമനങ്ങൾക്ക് അതിന്റെ മെമ്മോറാണ്ടം ആന്റ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷന്റെ 96(യു), 97 എന്നീ വകുപ്പുകൾ ബാധകമാണോ ; ബാധകമാണെങ്കിൽ അതനുസരിച്ചാണോ ഇപ്പോൾ നിയമനങ്ങൾ നടത്തിയിരിക്കുന്നത് ; | (ഐ) മറ്റു ഓഫീസർ തസ്തികകളിലെന്നപോലെ, കെ.എസ്.ഐ.ഡി.സി-യിലെ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിൽ നിയമനങ്ങൾക്ക് കെ.എസ്.ഐ.ഡി.സി- -യുടെ 2009-ലെ റിക്രൂട്ട്മെന്റ് & പ്രൊമോഷൻ പോളിസിയാണ് ബാധകം. ഇതു പ്രകാരമാണ് നിയമനങ്ങൾ നടത്തിയിരിക്കുന്നത്. |

(തുടർച്ച...4)

(ജെ) ഇതോടൊപ്പവും അതിനുമുമ്പും അപേക്ഷകൾ ക്ഷണിച്ചിരുന്ന അസിസ്റ്റന്റ് മാനേജർ തസ്തികകളിലേക്ക് കെ.എസ്.ഐ.ഡി.സി നാളിതുവരെ ഇന്റർവ്യൂ നടത്തിയിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇപ്പോൾ എത്ര ഒഴിവുകളാണ് അസിസ്റ്റന്റ് മാനേജർ തസ്തികയിലുള്ളത് ;

(ജെ) അസിസ്റ്റന്റ് മാനേജർ തസ്തികകളിലേക്കുള്ള നിയമനങ്ങൾക്കായുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. ഓഫീസർ കാറ്റഗറിയിൽ ആറ് ഒഴിവുകളാണ് ഉള്ളത്.

(കെ) തെരഞ്ഞെടുത്ത ഒരു സർക്കാർ സംസ്ഥാനത്ത് സക്രിയമല്ലാതിരുന്ന ദിവസങ്ങളിൽ കെ.എസ്.ഐ.ഡി.സി നടത്തിയ ഉന്നത തസ്തികകളിലെ നിയമനങ്ങൾ റദ്ദ് ചെയ്ത് നിയമാനുസൃത രീതിയിൽ അവ നടത്തുവാൻ നിർദ്ദേശം നൽകുമോ ;

(കെ) 01.01.2011-ന് ശേഷം നടത്തിയിട്ടുള്ള നിയമനങ്ങൾ മന്ത്രിസഭായോഗ തീരുമാനപ്രകാരം പുനപരിശോധിക്കുന്നതാണ്.

(എൽ) കെ.എസ്.ഐ.ഡി.സി-യിൽ 1997-നു ശേഷം എത്ര റിട്ടയർമെന്റ് നടന്നിട്ടുണ്ട് ; അതിൽ എത്രയെണ്ണം സ്റ്റാഫ് കാറ്റഗറിയിൽ നടന്നിട്ടുണ്ട് ; പി.എസ്.സി മുഖാന്തിരം ഇതിൽ എത്ര വേക്കൻസി നികത്തിയിട്ടുണ്ട് ; കാറ്റഗറി ചെയ്ഞ്ച് മുഖാന്തിരം എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ; ആശ്രിത നിയമന വ്യവസ്ഥ പ്രകാരം എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട് ; എന്തെല്ലാം യോഗ്യതകൾ ഉള്ളവരെ ഏതെല്ലാം തസ്തികകളിൽ നിയമിച്ചിട്ടുണ്ട് ; എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണോ നിയമനം നടന്നിട്ടുള്ളത് ; അസിസ്റ്റന്റ്, ഡ്രൈവർ, അക്കൗണ്ടന്റ്, ലീഗൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ?

(എൽ) 1997-ന് ശേഷം കെ.എസ്.ഐ.ഡി.സി-യിൽ 24 പേർ റിട്ടയർ ചെയ്തിട്ടുണ്ട്. ഇതിൽ സ്റ്റാഫ് കാറ്റഗറിയിൽ 16 പേർ ആണ്. പി.എസ്.സി മുഖാന്തരം 1997 മുതൽ ഇതുവരെ 20 പേരെ നിയമിച്ചിട്ടുണ്ട്. ഒരാൾ കാറ്റഗറി ചെയ്ഞ്ച് മുഖാന്തരം മാറിയിട്ടുണ്ട്. ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഒരാളെ നിയമിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി-യുടെ ബോർഡ് ശുപാർശ ചെയ്ത് പി.എസ്.സി അംഗീകരിച്ച സ്പെഷ്യൽ റൂൾസ് ആണ് ഈ നിയമനങ്ങൾക്കുള്ള യോഗ്യത. എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് നിയമനം നടത്തിയിട്ടുള്ളത്. അസിസ്റ്റന്റ് തസ്തികയിൽ ഒരാളെയും, അക്കൗണ്ടന്റ് തസ്തികയിൽ രണ്ടുപേരെയും, ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ രണ്ടു പേരെയും ആണ് നിയമിച്ചിട്ടുള്ളത്. ഡ്രൈവർ തസ്തികയിൽ ആരെയും നിയമിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

Co-o6021/2010-I

**Candidates invited for Group Discussion for the post of Executive Director**

1. Mr.P.K.Manmadan
2. Mr.S. Ramesh
3. Mr.A.G Dinesh
4. Venkateswara rao.V
5. S.Chandrasekhar
6. Mr.P.Nandakumar
7. Mr.Girish Kumar.S
8. Jacob K Ninan
9. Shri.T.A.Krishnamoorthy
10. Shri.T.P.Thomaskutty
11. Shri.M.Rajasekhar
12. Smt.A.Malini
13. Shri.A.C.Rajan
14. Shri K.G.Ajithkumar

**Candidates invited for Group Discussion for the post of General Manager**

1. Mr.Ajay Pillai
2. Mr.Deepakumar.K
3. Mr.Biju George K
4. Mr.Girish Kumar.S
5. Shri.T.P.Thomaskutty
6. Smt.A.Malini
7. Shri.A.C.Rajan
8. Shri.K.G.Ajithkumar
9. G.Asoklal

Section Officer.